**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4977** **14-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് 13.08.2021 -ന് 10.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറിയ കടമക്കുടി പാലത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കിയതിൻ പ്രകാരം 1050 ലക്ഷം രൂപയുടെ ഭരണാനുമതി 13.08.2021 തീയതിയിലെ G.O.(Rt)No.730/2021/ PWD പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പിനു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 10.05.2022ൽ എൽ.എ തഹസിൽദാർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. കണ്ടിജൻസി തുകയായ 2,68,367/- രൂപയുടെ LC PROPOSAL; 14.02.2023 തീയതിയിലെ G.O.(Rt).No.1069/ 23/Fin പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ